റാവുബഹദൂർ എം. നാരായണമേനോൻ : ഇതിൽ പത്തെണ്ണം കണ്ടുപിടിച്ചുകൊണ്ടുവന്നിട്ടുള്ള കള്ളക്കേസാണ്. ഒമ്പതെണ്ണം രാജിയായിരിക്കുന്നു. നാലെണ്ണം കോടതിയിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്. ബാക്കി മൂന്നെണ്ണം അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

Mr. K. R. Viswambharan *(Ezhuvas-Talappalli):* Are these books actually produced in a court-of-law as exhibits?

Rao Bahadur M. Narayana Menon *(Commissioner of Police):* Whatever that is recovered has to be produced in the court and they are being produced.

Mr. President: If somebody has got a costly book, you don't simply go and take it for your use? *(Laughter).*

NALLEPPALLI—POLICE BEAT IN

117. മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

(എ) ചിറക്കരിൽനിന്നും കൊഴിഞ്ഞാമ്പാറയിൽനിന്നും നല്ലേപ്പിള്ളിക്കു പോലീസ് ബീറ്റുണ്ടായിരുന്നതു് ഇപ്പോൾ നിലവിലുണ്ടോ;

(ബി) പോലീസ് ബീറ്റു് രാത്രിയോ പകലോ;

(സി) പോലീസ് ബസ്സിൽ വന്നു് ബസ്സിൽ പോകുന്നതല്ലാതെ വല്ല കളവുകളും തുമ്പുണ്ടാക്കാറുണ്ടോ;

(ഡി) ചില്ലറ കളവുകൾ ഇടയിടെയായി വർദ്ധിച്ചുവരുന്നതിനാൽ അതിനെ നിർത്തൽചെയ്യാൻ ദിവസവും രാത്രി ബീറ്റു് നല്ലേപ്പിള്ളിക്കു നടപ്പിലാക്കുവാൻ ഗവൺമെണ്ടിനു കരുണയുണ്ടാകുമോ?

റാവുബഹദൂർ എം. നാരായണമേനോൻ :

(എ) ഉണ്ടു്.

(ബി) പകലാണു്.

(സി) ബീറ്റുപോലീസുകാർ ബസ്സിൽ പോകാറില്ല. കളവുകേസുകൾ തുമ്പുണ്ടാക്കാറുണ്ടു്.

(ഡി) ചില്ലറ കളവുകളെപ്പറ്റി യാതൊരു ആക്ഷേപവും കിട്ടിയിട്ടില്ല. ആക്ഷേപം കിട്ടിയാൽ വേണ്ട നടപടി നടത്തുകയും ആവശ്യമെന്നു തോന്നുന്ന അവസരങ്ങളിൽ രാത്രി ബീറ്റും സ്പെഷ്യൽ പെട്രോളും അയക്കുകയും ചെയ്യുന്നതാണു്.

DEPRESSED CLASSES—MOLESTATION OF—COMPLAINTS REGARDING

118. മിസ്റ്റർ പി. കെ. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവുചെയ്തു മറുപടി പറയുമോ.—

(എ) [illegible] മേടം ആദ്യം മുതൽ [illegible] കന്നി അവസാനംവരെ സ്റ്റോറിൽ എത്ര അധഃകൃതമർദ്ദനകേസ്സുകൾ ഉണ്ടായതായി പൊല്ലീസിന്നു് അറിവു കിട്ടിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly